# പതിമൂന്നാം കേരള നിയമസഭ

12-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2166 08.12.2014-ന് മറുപടിയ്ക്ക്**

## ഇടുക്കി - ഉടുമ്പന്നൂർ റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ഇടുക്കി- ഉടുമ്പന്നൂർ റോഡിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ ദൈർഘ്യം എത്രകിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ; | (എ) ഇടുക്കി- ഉടുമ്പന്നൂർ റോഡിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ ദൈർഘ്യം 23 കിലോമീറ്ററാണ്. |
| (ബി) ആദിവാസി മേഖലയായ പെരുങ്കാല, മണിയാറൻകുടി, വട്ടമേട്, കൈതപ്പാറ, മനയത്തടം പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊടുപുഴ ഭാഗത്തേക്ക് സഞ്ചരിക്കുന്നതിന് ഏറ്റവും ദൂരം കുറഞ്ഞ റോഡുമാർഗ്ഗമാണ് ഇതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊടുപുഴ ഭാഗത്തേക്ക് സഞ്ചരിക്കുന്നതിന് ദൂരം കുറഞ്ഞ റോഡുമാർഗ്ഗമാണ് ഇതെന്ന് നിരീക്ഷിച്ചിട്ടുണ്ട്. |
| (സി) യഥാകാലം പുനരുദ്ധാരണ പ്രവൃത്തികൾ നടക്കാതിരിക്കുന്നതുമൂലം വനംവകുപ്പിന്റെ അധീനതയിലുള്ള റോഡ് ഭാഗം ഗതാഗതത്തിന് ദുഷ്കരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത റോഡിന്റെ മണിയാറൻകുടി പാപ്പൻതോട് ഭാഗം മുതൽ വേളൂർ ചെക്കുപോസ്റ്റ് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം വനംവകുപ്പ് മുഖാന്തിരം നടത്തുന്നതിന് നിയോജകമണ്ഡലംആസ്തി വികസന ഫണ്ടിൽ ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ കത്ത് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (ഡി) ഇടുക്കി- ഉടുമ്പന്നൂർ റോഡ് നിയോജകമണ്ഡലംആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നത് സംബന്ധിച്ച് ശ്രീ.റോഷി അഗസ്റ്റിൻ എം.എൽ.എയുടെ 01.02.2014-ലെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റോഡ് പൂർണ്ണമായും റിസർവ്വ് വനത്തിലൂടെയായതിനാൽ ടാറിംഗ് നടത്തുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് ബാധകമാണ്. എന്നാൽ നിലവിലുള്ള സ്ഥിതിയിൽ ടി റോഡ് നവീകരിക്കുന്നതിന് സർക്കാർ തലത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി (വീതികൂട്ടാതെയും ടാറിംഗ് നടത്താതെയും ജെ.സി.ബി. |

| | | | |
|---|---|---|---|
| | ആയതിന്റെ നിലവിലുള്ള സ്ഥിതി ഏതുപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | | ഉപയോഗിക്കാതെയും രാത്രികാല ഗതാഗതം ഒഴിവാക്കിയും) അനുമതി നൽകാവുന്നതാണ്. |
| (ഇ) | പ്രസ്തുത റോഡിന്റെ നിർമ്മാണം താമസംവിനാ നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | ഇടുക്കി- ഉടുമ്പന്നൂർ റോഡിന്റെ നവീകരണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ള തുക എഫ്.ഡി.എ-യ്ക്ക് കൈമാറുകയും ആയത് ഉപയോഗിച്ച് റോഡ് പണിയുന്നതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ടി റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എഫ്.ഡി.എ. മുഖാന്തിരം വനംവകുപ്പിന് ഏറ്റെടുത്ത് നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ